# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:01.08.2024**

### പ്രധാനവാർത്തകൾ

1) വയനാട് ഉരുൾപൊട്ടൽ ബാധിത മേഖലയിൽ ജീവനോടെയുണ്ടായിരുന്ന എല്ലാവരെയും രക്ഷപ്പെടുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. മൃതദേഹങ്ങൾ കണ്ടെത്തുന്നതിനായി തെരച്ചിൽ തുടരും. വയനാട് ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്നും മുഖ്യമന്ത്രി.

2) പ്രകൃതിദുരന്തങ്ങളെ നേരിടാൻ വയനാട് ജില്ലയ്ക്ക് സമഗ്ര കർമ പദ്ധതി വേണമെന്ന് ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി. രക്ഷാപ്രവർത്തനത്തിന് പിന്തുണയറിയിച്ച് സർവകക്ഷിയോഗം. എല്ലാവരും ഒരുമിച്ചുനിന്ന് പ്രതിസന്ധിഘട്ടം തരണം ചെയ്യാമെന്ന് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ.

3) മുണ്ടക്കൈയിലേക്കുള്ള താത്കാലിക ബെയിലി പാലത്തിന്റെ നിർമാണം സൈന്യത്തിൻറെ നേതൃത്വത്തിൽ പൂർത്തിയായി. തെരച്ചിൽ ദൗത്യം ദുഷ്കരമാക്കി വയനാട്ടിൽ കനത്ത മഴ.

4) വടക്കൻകേരളത്തിൽ അതിശക്തമായ മഴ തുടരുമെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

PNU TVPM

5) പാരിസ് ഒളിമ്പിക്സിൽ ഇന്ത്യയ്ക്ക് മൂന്നാം മെഡൽ. ഷൂട്ടിങ്ങിൽ സ്വപ്നിൽ കുസാലേ വെങ്കലം നേടി.

====================================

## മുഖ്യമന്ത്രി-വയനാട്

വയനാട് ഉരുൾപൊട്ടൽ ബാധിത മേഖലയിൽ ജീവനോടെയുണ്ടായിരുന്ന എല്ലാവരെയും രക്ഷപ്പെടുത്താൻ കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ. രക്ഷാപ്രവർത്തനങ്ങളിൽ സൈന്യം നൽകിയ സേവനങ്ങളെ മുഖ്യമന്ത്രി അഭിനന്ദിച്ചു. ഒറ്റപ്പെട്ട് ആരെങ്കിലും കുടുങ്ങിക്കിടക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുന്നുണ്ടെന്നും വയനാട് കളക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിന് ശേഷം മുഖ്യമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. മൃതദേഹങ്ങൾ കണ്ടെത്തുന്നതിനായുള്ള തെരച്ചിൽ തുടരും. ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ദിവസങ്ങളോ, ആഴ്ചകളോ കൊണ്ട്പരിഹരിക്കാൻ കഴിയുന്ന കാര്യങ്ങളല്ല വയനാട്ടിൽ സംഭവി ച്ചതെന്നും, ദുരന്തബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾഫലപ്രദമായി നടപ്പാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നാലംഗ മന്ത്രിസഭാ സമിതിയെ നിയോഗിച്ചതായും അദ്ദേഹം പറഞ്ഞു.

RNU TVPM

(ഹോൾഡ്)

കേരളത്തെയാകെ കണ്ണീരിലാഴ്ത്തിയ വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 280 ലേറെ ആയതായാണ് റിപ്പോർട്ടുകൾ. 98 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. നിരവധി പേരുടെ ശരീരഭാഗങ്ങളും തിരച്ചിലിൽ കണ്ടെത്തി. 200-

ഓളം പേരെയാണ്
ഇനി കണ്ടെത്താനുള്ളത്. രണ്ടായിരത്തോളംപേരെ രക്ഷപ്പെടുത്തി . മുണ്ടക്കൈയിൽ സൈന്യത്തിൻറെ നേതൃത്വത്തിൽ താത്കാലിക ബെയിലി പാലത്തിന്റെ നിർമാണം പൂർത്തിയായി. സൈനിക വാഹനമാണ് പാലത്തിലൂടെ ആദ്യമായി കടത്തിവിട്ടത്. തിരച്ചിൽ ദൗത്യത്തിൻറെ വേഗം വർദ്ധിപ്പാക്കാൻ പാലം സഹായിക്കും. പ്രദേശത്തെ കനത്ത മഴയ്യും, മോശം കാലാവസ്ഥയ്ക്കിടയിൽ അതീവ ദുഷ്കരമായാണ് ഇന്ന് തെരച്ചിൽ നടന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി **അരുൺ വിൻസൻറ്-----**

**(ഹോൾഡ്)**

==================================

## മുഖ്യമന്ത്രി വിദ്യാഭ്യാസം

ഉരുൾപൊട്ടൽ ബാധിത മേഖലയിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസമുണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കുട്ടികൾ എവിടെയാണോ, അവിടെയിരുന്ന് തന്നെ പഠനം നടത്തുന്നതിന് താത്കാലിക സംവിധാനമൊരുക്കും. ദുരന്തത്തെ അഭിമുഖീകരിച്ചവർക്കുണ്ടായ മാനസികാഘാതം പ്രതീക്ഷിക്കാവുന്നതിനും അപ്പുറമാണെന്നും, എല്ലാവർക്കും കൗൺസിലിങ് നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ആദിവാസി കുടുംബങ്ങളെ വനത്തിൽ നിന്ന് മാറ്റിപ്പാർപ്പിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും, അതിന് തയ്യാറല്ലാത്തവർക്ക് ഭക്ഷണവും, അവശ്യവസ്തുക്കളും എത്തിച്ചു നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി. ദുരന്തമേഖലയിൽ

PNU TVPM

പകർച്ചവ്യാധി പടർന്നു പിടിക്കാതിരിക്കാൻ ജാഗ്രത പാലിക്കണം. ചത്ത മൃഗങ്ങളെ കൃത്യമായി സംസ്കരിക്കാൻ നടപടി സ്വീകരിക്കും. പോസ്റ്റ്മോർട്ടം നടക്കുന്ന ആശുപത്രികളിലേക്ക് അനാവശ്യമായി ആളുകൾ പോകുന്നത് ഒഴിവാക്കണം. സർട്ടിഫിക്കറ്റുകൾ നഷ്ടമായവർക്ക് ഇവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

==================================

## സർവ്വകക്ഷിയോഗം

വയനാട്ടിൽ ഉരുൾപൊട്ടലിനെ തുടർന്ന് മികച്ച രക്ഷാപ്രവർത്തനമാണ് നടന്നതെന്ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സർവകക്ഷി യോഗം വിലയിരുത്തി. എല്ലാവരും ഒന്നിച്ചു നിന്ന് പ്രതിസന്ധിഘട്ടം തരണം ചെയ്യണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അഭിപ്രായപ്പെട്ടു. സർക്കാരിന് പ്രതിപക്ഷത്തിന്റെ പൂർണ പിന്തുണയുണ്ടെന്നും അദ്ദേഹം അറിയിച്ചു. സമയബന്ധിതമായി പുനരധിവാസം നടപ്പാക്കണമെന്ന് പ്രതിപക്ഷ ഉപനേതാവ് പി കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. വെള്ളാർമല സ്കൂളിലെ കുട്ടികളെ മുഴുവൻ വേറെ സ്കൂളിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ആവശ്യപ്പെട്ടു. സർവകക്ഷി യോഗത്തിൽ ഉയർന്ന അഭിപ്രായങ്ങൾ പുനരധിവാസ പ്രക്രിയയെ സഹായിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. കളക്ടറേറ്റിൽ നടന്ന യോഗത്തിൽ മന്ത്രിമാർ, എംഎൽഎമാർ മേപ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് , വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ എന്നിവർ പങ്കെടുത്തു.

RIJU TVPM

==================================

## രക്ഷാദൗത്യം -മുഖ്യമന്ത്രി

ചൂരൽമലയിൽ ഉരുൾപൊട്ടൽ ഉണ്ടായ പ്രദേശങ്ങളും ദുരിതാശ്വാസ ക്യാമ്പുകളും മുഖ്യമന്ത്രി പിണറായി വിജയൻ സന്ദർശിച്ചു. മന്ത്രിമാരുടെ സംഘവും അദ്ദേഹത്തിന് ഒപ്പമുണ്ടായിരുന്നു.

==================================

## രാഹുൽ ഗാന്ധി

വയനാട്ടിൽ ഉരുൾപൊട്ടലും മറ്റ് പ്രകൃതിദുരന്തങ്ങളും ആവർത്തിക്കുന്ന സാഹചര്യത്തിൽ സമഗ്രമായ കർമപദ്ധതി തയ്യാറാക്കേണ്ടത് അത്യാവശ്യമാണെന്ന് ലോക്സഭാ പ്രതിപക്ഷനേതാവും, വയനാട് മുൻ എംപിയുമായ രാഹുൽ ഗാന്ധി. ഉരുൾപൊട്ടൽ നാശം വിതച്ച പ്രദേശവും ക്യാമ്പുകളിൽ കഴിയുന്ന ദുരിതബാധിതരെയും സന്ദർശിച്ചശേഷമാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. സ്ഥലത്തെ രക്ഷാപ്രവർത്തനം പുനരധിവാസ പ്രവർത്തനം തുടങ്ങിയവ നേരിട്ട് നിരീക്ഷിക്കുന്നുണ്ടെന്നും വേണ്ട എല്ലാ സഹായങ്ങളും ഉറപ്പുവരുത്താൻ ശ്രമിക്കുമെന്നും ശ്രീ.രാഹുൽഗാന്ധി അറിയിച്ചു. കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി, കെ.സി.വേണുഗോപാൽ എം.പി. പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ എന്നിവരും ഒപ്പം ഉണ്ടായിരുന്നു.

==================================

## കാണാതായി

വയനാട് ഉരുൾപൊട്ടലിൽ മുണ്ടക്കൈ, വെള്ളാർമല, മേപ്പാടി ഭാഗങ്ങളിലെ നാല് സ്കൂളുകളിൽ പഠിച്ചിരുന്ന 29 വിദ്യാർത്ഥികളെ കാണാതായതായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന

RIUTVPM

ഉദ്യോഗസ്ഥതല യോഗം വിലയിരുത്തി. ഇതിൽ നാല് പേരുടെ മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. മുഴുവൻ കുട്ടികളുടെയും വിശദവിവരങ്ങൾ ശേഖരിച്ച് വരികയാണെന്നും അധികൃതർ വ്യക്തമാക്കി.

===================================

## മുഖ്യമന്ത്രി -ദുരിതാശ്വാസ നിധി

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്കുള്ള സഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കഴിയുന്നവർ എല്ലാം സംഭാവന നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർത്ഥിച്ചു. ദുരിതാശ്വാസ നിധിയിലേക്ക് ഇന്ന് വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിലായി 17 ലക്ഷം രൂപയുടെ ചെക്കുകൾ ലഭിച്ചു. ചലച്ചിത്ര താരം മമ്മൂട്ടി 20 ലക്ഷം രൂപ സംഭാവന ചെയ്തു. സംസ്ഥാനത്തെ എല്ലാ മന്ത്രിമാരും ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകും.

RNU TVPM

===================================

## വ്യാജ വാർത്ത

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആരും പണം നൽകരുതെന്ന് പ്രതിപക്ഷ നേതാവ് ആഹ്വാനം ചെയ്യുന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ വ്യാജ പ്രചരണം നടത്തുന്നതിനെതിരെ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ സംസ്ഥാന പൊലീസ് മേധാവിക്ക് പരാതി നൽകി. ജനങ്ങൾക്കിടയിൽ രാഷ്ട്രീയ വേർതിരിവ് ഉണ്ടാക്കുകയെന്ന ഗൂഢലക്ഷ്യത്തോടെയാണ് ഇത്തരം വ്യാജപ്രചരണങ്ങൾ നടത്തുന്നതെന്നും

ഇത് പ്രചരിപ്പിക്കുന്നവർക്കെതിരെ അടിയന്തിരമായി നിയമ നടപടി സ്വീകരിക്കണമെന്നും പരാതിയിൽ ആവശ്യപ്പെടുന്നുണ്ട്.

===================================

**മഴ – ജാഗ്രത**

വടക്കൻ കേരളത്തിൽ ഇന്നും അതിശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, ആലപ്പുഴ ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. തൃശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി പ്രഖ്യാപിച്ചു. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. നദികളിലെ ജലനിരപ്പ് അപകടകരമായി ഉയരുന്ന സാഹചര്യത്തിൽ തൃശൂരിലെ കരുവന്നൂർ, ഗായത്രി പുഴകളിൽ കേന്ദ്ര ജലകമ്മീഷൻ ഓറഞ്ച് ജാഗ്രത നൽകി. പ്രളയ മുന്നറിയിപ്പിൻറെ സാഹചര്യത്തിൽ നദീതീരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

PNUTVPM

===================================

**കോഴിക്കോട് (ഇൻട്രോ)**

കോഴിക്കോട് ജില്ലയിൽ രാവിലെ മഴ കുറഞ്ഞെങ്കിലും ഉച്ചയോടെ മഴ ശക്തമായി. രൂക്ഷമായ മഴക്കെടുതിയാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്യുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി **കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....**

**(വോയിസ്)**

====================================

## പാലക്കാട് (ഇൻട്രോ)

ചുരം റോഡിൽ മണ്ണിടിഞ്ഞ് വീണ് ഒറ്റപ്പെട്ട പാലക്കാട് നെല്ലിയാമ്പതിയിലേക്കുള്ള ഗതാഗതം പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. നെല്ലിയാമ്പതിയിൽ കുടുങ്ങി കിടക്കുന്ന വിനോദ സഞ്ചാരികളെ താഴെയെത്തിക്കാനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്.

**വിശദാംശങ്ങളുമായി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്....**

(വോയിസ്)

====================================

## ജലമേള മാറ്റിവച്ചു

ഈമാസം 10 ന് ആലപ്പുഴ പുന്നമടക്കായലിൽ നടത്താനിരുന്ന നെഹ്റുട്രോഫി ജലമേള മാറ്റിവച്ചു. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് വള്ളംകളി മാറ്റിയത്. വള്ളംകളി അടുത്ത മാസം നടത്തും. തീയതി പിന്നീട് തീരുമാനിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

====================================

## കെ.എസ്.ആർ.ടി.സി

വയനാട് ജില്ലയിലെ പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് ദുരിതബാധിതർക്ക് ആവശ്യമായ സാധനങ്ങൾ എത്തിക്കുന്നതിനായി കെഎസ്ആർടിസി ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയതായി മന്ത്രി കെ ബി ഗണേഷ് കുമാർ. അതത് ജില്ലാ ഭരണകൂടം സ്വരൂപിച്ചതും

RNU TVPM

അനുവദനീയമായതുമായ വസ്തു വകകൾ KSRTC ബസ് സ്റ്റേഷനുകളിൽ എത്തിക്കാമെന്നും അവ ജില്ലാ ഭരണകൂടം ആരംഭിച്ചിട്ടുള്ള കൺട്രോൾ റൂമിൽ യഥാസമയം കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

===================================

## കളക്ഷൻ സെൻറർ

വയനാട് ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് നൽകാനായി തിരുവനന്തപുരം ജില്ലാ കളക്ട്രേറ്റിലെ കളക്ഷൻ സെന്ററിലേക്ക് ഇനി സാധനങ്ങൾ എത്തിക്കേണ്ടതില്ലെന്ന് ജില്ലാ കളക്ടർ അനുകുമാരി അറിയിച്ചു. നിലവിൽ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് പര്യാപ്തമായ അളവിൽ സാധനങ്ങൾ എത്തിയിട്ടുണ്ട്. ഇനിയും സഹായം നൽകാൻ ആഗ്രഹിക്കുന്നവർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി നൽകണമെന്നും കളക്ടർ അറിയിച്ചു.

RNU TVPM

===================================

## ട്രോളിംഗ് നിരോധനം (ഇൻഡ്രോ)

52 ദിവസത്തെ ട്രോളിങ്ങ് നിരോധനം അവസാനിച്ചതോടെ സംസ്ഥാനത്തെ ഹാർബറുകൾ വീണ്ടും സജീവമായി.

ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി **നീരജ് ലാൽ തയ്യാറാക്കിയ റിപ്പോർട്ട്----**

**(വോയിസ്)**

===================================

## കർക്കടക വാവുബലി

കർക്കടക വാവുബലിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഒരുക്കങ്ങൾ പൂർത്തിയായി. മോശം കാലാവസ്ഥയുടെ പശ്ചാത്തലത്തിൽ ബലിതർപ്പണ കേന്ദ്രങ്ങളിൽ സുരക്ഷിതമായ ബലിതർപ്പണം നടത്തുന്നതിനുള്ള എല്ലാവിധ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. ആലുവ മണപ്പുറം, തിരുവല്ലം, ശംഖുമുഖം, വർക്കല, തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിൽ ബലിതർപ്പണ ചടങ്ങുകൾക്കുള്ള ക്രമീകരണം അവസാനഘട്ടത്തിലാണ്.

==================================

## ഒളിമ്പിക്സ്

ഒളിമ്പിക്സിന്റെ ആറാം ദിനത്തിൽ മൂന്നാമത്തെ വെങ്കല മെഡൽ സ്വന്തമാക്കി ഇന്ത്യ. ഷൂട്ടിങ്ങ് 50 മീറ്റർ റൈഫിൾസ് 3 പൊസിഷൻസ് വിഭാഗത്തിൽ സ്വപ്നിൽ കുസാലേയാണ് ഇന്ത്യക്കായി വെങ്കലം നേടിയത്. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയ പ്രമുഖർ സ്വപ്നിൽ കുസാലേയ്ക്ക് അഭിനന്ദനം അറിയിച്ചു. എന്നാൽ പുരുഷ ഹോക്കിയിൽ ഇന്ത്യ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ബെൽജിയത്തോട് പരാജയപ്പെട്ടത് ആരാധകർക്ക് നിരാശ പകർന്നു. ഹോക്കിയിൽ ഇന്ത്യ ക്വാട്ടർ ഫൈനലിലേക്ക് ഇതിനകം തന്നെ യോഗ്യത നേടിയിട്ടുണ്ട്. പൂൾ ബിയിലെ അവസാന മത്സരത്തിൽ ഓസ്ട്രേലിയ ആണ് ഇന്ത്യയുടെ എതിരാളി. ബോക്സിങ്ങ് 50 കിലോഗ്രാം വിഭാഗത്തിൽ നിഖത് സറീനും ചൈനീസ് താരത്തോട് പരാജയപ്പെട്ടു. പുരുഷ സിംഗിൾസ് പ്രീ-ക്വാർട്ടറിൽ ഇന്ത്യൻ താരങ്ങളായ എച്ച്.എസ് പ്രണോയും, ലക്ഷ്യ സെന്നും തമ്മിലുള്ള മത്സരം പുരോഗമിക്കുകയാണ്. ബാഡ്മിൻറൺ പുരുഷ ഡബിൾസ് ക്വാർട്ടർ ഫൈനലിൽ, സാത്വിക് സായിരാജ്-ചിരാഗ് ഷെട്ടി സഖ്യം ഇന്ന് മലേഷ്യൻ സഖ്യത്തെ നേരിടും. ബാഡ്മിൻറൺ വനിതാ

RNU TVPM

സിംഗിൾസ് പ്രീ ക്വാർട്ടറിൽ പി.വി.സിന്ധുവും ഇന്ന് കളിക്കളത്തിലിറങ്ങും.

==================================

## സംവരണം-സുപ്രീംകോടതി

പട്ടികജാതി പട്ടികവർഗക്കാരിലെ വ്യത്യസ്ത വിഭാഗക്കാർക്ക്, പിന്നാക്കാവസ്ഥ പരിഗണിച്ച് ഉപസംവരണം അനുവദിക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ടെന്ന് സുപ്രീംകോടതി. ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് അധ്യക്ഷനായ ഏഴംഗ ഭരണഘടനാ ബെഞ്ചിന്റേതാണ് നിർണായക വിധി. SC/ST ഉപസംവരണം സംസ്ഥാനങ്ങൾക്ക് അനുവദനീയമല്ലെയെന്ന 2004 ലെ കോടതി വിധി തിരുത്തിക്കൊണ്ടാണ് സുപ്രീംകോടതി ഉത്തരവ്.

RNU TVPM

==================================

## മുതലപ്പൊഴി അപകടം

തിരുവനന്തപുരം മുതലപ്പൊഴിയിൽ രക്ഷാ ബോട്ട് അപകടത്തിൽപ്പെട്ടു. ശക്തമായ തിരയിൽപ്പെട്ട്, മറൈൻ എൻഫോഴ്സ്മെൻറ് ബോട്ടാണ് പുലിമുട്ടിലേക്ക് ഇടിച്ചുകയറിയത്. സംഭവത്തിൽ ആർക്കും പരിക്കില്ല.

==================================

## മനുഷ്യാവകാശ കമ്മീഷൻ

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷനായി ജസ്റ്റിസ് അലക്സാണ്ടർ തോമസ് ചുമതലയേറ്റു. കേരളം മനുഷ്യാവകാശ സൗഹൃദ സംസ്ഥാനമാകണമെന്നും, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാരിന്റെയും ജനപ്രതിനിധികളുടെയും

സഹകരണം അത്യന്താപേക്ഷിതമാണെന്നും ചുമതലയേറ്റശേഷം അദ്ദേഹം പറഞ്ഞു.

=====================================

## ഭിന്നശേഷി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ എച്ച് ദിനേശന് സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ പൂർണ്ണ അധികച്ചുമതല നൽകിയതായി മന്ത്രി ആർ ബിന്ദു അറിയിച്ചു. കമ്മീഷണറായിരുന്ന എസ് എച്ച് പഞ്ചാപകേശനെ അദ്ദേഹത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ചുമതലയിൽ നിന്ന് വിടുതൽചെയ്യുതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം.

RNU TVPM

=============================================================
=============